2025
DECEMBER
29
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# വെള്ളി വില കുതിക്കുന്നു

**മുംബൈ/ന്യൂയോർക്ക്:** വെള്ളിവിലയിൽ വൻ കുതിച്ചുചാട്ടം. വെള്ളിയുടെ വില ഏകദേശം ഒമ്പത് ശതമാനം വർധിച്ച് റിക്കാർഡ് നിലവാരമായ 80 ഡോളറിലേക്ക് അടുത്തു. കഴിഞ്ഞ 12 മാസത്തിനിടെ വെള്ളിയുടെ വിലയിൽ 170 ശതമാനത്തിലധികം വരുമാനമാണ് നൽകിയിരിക്കുന്നത്. വെള്ളിയുടെ വില ഇന്ത്യയിൽ കിലോഗ്രാമിന് 2,50,000 ലക്ഷത്തോട് അടുത്തിരിക്കുകയാണ്.




അമൂല്യ ലോഹങ്ങളുടെ വിപണിയിലാകെ വിലവർധന പ്രകടമായി. റോയിട്ടേഴ്സിന്റെ റിപ്പോർട്ടുകൾ പ്രകാരം സ്വർണവില ഔൺസിന് സർവകാല റിക്കാർഡിലെത്തി. പ്ലാറ്റിനം വില 10 ശതമാനം ഉയർച്ചയോടെ റിക്കാർഡ് നിലവാരമായ 2454.12 ഡോളറിലെത്തി. പല്ലേഡിയം വിലയിലാണ് വൻ കുതിച്ചുചാട്ടം നടന്നത്. 14 ശതമാനത്തിലധികം വർധനയോടെ ഔൺസിന് 1924.03 ഡോളറിൽ വ്യാപാരം അവസാനിപ്പിച്ചു.

ശക്തമായ വ്യാവസായിക ആവശ്യം, വിതരണത്തിലുണ്ടായ ഇടിവ്, എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിലെ നിക്ഷേപം, യുഎസ് ഫെഡറൽ റിസർവ് പലിശനിരക്കുകൾ കുറച്ചത്, വീണ്ടും പലിശനിരക്കു കുറയ്ക്കുമെന്ന പ്രതീക്ഷകൾ എന്നിവയെല്ലാമാണ് ഈ വർഷം വെള്ളിവിലയിൽ ആകർഷമായ നേട്ടമുണ്ടാക്കിയത്. കൂടാതെ എഐ ഡാറ്റാ സെന്ററുകളിൽ വെള്ളിയുടെ വർധിച്ചുവരുന്ന ഉപയോഗം, ഇറക്കുമതി തീരുവകളെ സംബന്ധിച്ച അനിശ്ചിതത്വം എന്നിവയും ഈ വർഷം വെള്ളിയുടെ വില കുതിച്ചുയരാൻ പ്രധാന കാരണങ്ങളായെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു. ഈ വർഷം സ്വർണ വിലയിലുണ്ടായ ഏകദേശം 72 ശതമാനം വർധനയേക്കാൾ ഏറെ മുന്നിലാണ് വെള്ളിയുടെ കുതിപ്പ്.

വെള്ളിയുടെ വില അടുത്ത വർഷം 100 ഡോളറിലെത്തുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. സിൽവർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള കണക്കുകൾ പ്രകാരം 2024ൽ ആഗോളതലത്തിൽ വെള്ളിയുടെ ആവശ്യകത അതിൻറെ വിതരണത്തേക്കാൾ കൂടുതലായിരുന്നു. തുടർച്ചയായ നാലാം വർഷമാണ് ഈ പ്രതിഭാസം ഉണ്ടാകുന്നത്. ഇത് വിപണിയിൽ 148.9 മില്യൺ ഔൺസിന്റെ കുറവിനു കാരണമായി.

ഫെഡറൽ റിസർവ് നയങ്ങളിലെ ഇളവുകൾ, ഭൗമരാഷ്ട്രീയ പ്രതിസന്ധികൾ, രാജ്യങ്ങളുടെ കേന്ദ്ര ബാങ്കുകളുടെ വാങ്ങിക്കൂട്ടൽ, ഇടിഎഫുകളെ വർധിച്ച നിക്ഷേപം, ഡോളറിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്ന പ്രവണത എന്നിവയുടെ പിന്തുണയോടെ 1979നുശേഷമുള്ള ഏറ്റവും മികച്ച വാർഷിക പ്രകടനത്തിലേക്കാണ് സ്വർണം കുതിക്കുന്നത്. അതേസമയം, വിതരണത്തിലെ കുറവ്, അമേരിക്കയുടെ നിർണായക ധാതു എന്ന പദവി, ശക്തമായ വ്യാവസായിക ആവശ്യകത എന്നിവ വെള്ളിക്കു ഗുണമായി.

പ്ലാറ്റിനവും പല്ലേഡിയവും വ്യാപകമായി വാഹനങ്ങളിലെ കാറ്റലിറ്റിക് കൺവെർട്ടറുകളിൽ ഉപയോഗിക്കുന്നു. വിതരണത്തിലുണ്ടായ കുറവ്, തീരുവ അനിശ്ചിതത്വം, നിക്ഷേപകർ സ്വർണത്തിൽനിന്ന് മാറി മറ്റു ലോഹങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചത് എന്നിവയാണ് ഈ ലോഹങ്ങളുടെ വിലയിൽ കുതിപ്പുണ്ടാക്കിയത്.

പ്ലാറ്റിനത്തിന്റെ വിലയിൽ ഈ വർഷം ഏകദേശം 165 ശതമാനം വർധനയും പല്ലേഡിയത്തിന്റേത് 90 ശതമാനം വർധനയുമാണ് രേഖപ്പെടുത്തിയത്.




# കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് ലക്ഷദ്വീപിലേക്കും

**തിരുവനന്തപുരം:** ആറു മാസം മുതൽ മൂന്നു വയസു വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അങ്കണവാടി വഴി വിതരണം ചെയ്യുന്ന കുടുംബശ്രീയുടെ അമൃതം ന്യൂട്രിമിക്സ് പൂരക പോഷകാഹാരം ലക്ഷദ്വീപിലേക്കും.

ഇവിടെയുള്ള പത്തു ദ്വീപുകളിൽ ഗുരുതരമായ പോഷകാഹാരക്കുറവ് നേരിടുന്ന സ്ത്രീകൾക്കും ഭാരക്കുറവുള്ള കുട്ടികൾക്കും വേണ്ടിയാണ് സമ്പുഷ്ടീകരിച്ച ന്യൂട്രിമിക്സ് വാങ്ങുന്നത്.

കിലോയ്ക്ക് നൂറു രൂപ നിരക്കിൽ ആദ്യഘട്ടത്തിൽ 392 കിലോഗ്രാം ന്യൂട്രിമിക്സ് വാങ്ങാമെന്ന് അറിയിച്ചു കൊണ്ട് ലക്ഷദ്വീപ് വനിതാ ശിശുവികസന വകുപ്പ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്തു നൽകിയിട്ടുണ്ട്. ഭാവിയിൽ കൂടുതൽ അളവിൽ ഉത്പന്നം ആവശ്യമാകുമെന്നാണ് കരുതുന്നത്.

സംയോജിത ശിശുവികസന സേവന പദ്ധതി പ്രകാരം വികസിപ്പിച്ചതും ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പൂരക പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്.

കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടിഎച്ച്ആർഎസ് ) പ്രകാരം കേരള സർക്കാരിനു കീഴിൽ വനിതാ ശിശുവികസന വകുപ്പ്, ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയാണിത്.

നിലവിൽ സംസ്ഥാനത്താകെ 241 കുടുംബശ്രീ യൂണിറ്റുകൾ വഴി പ്രതിവർഷം ഇരുപതിനായിരത്തിലേറെ ടൺ ഭക്ഷ്യമിശ്രിതം ഉത്പാദിപ്പിക്കുന്നുണ്ട്. ഇതു വഴി ഏകദേശം 150 കോടി രൂപയുടെ വിറ്റുവരവ് യൂണിറ്റ് അംഗങ്ങളായ സ്ത്രീകൾ നേടുന്നുണ്ട്.

# ഇന്ത്യൻ രൂപയുടെ മൂല്യം ഡോളറിന് 87 രൂപയിലേക്ക് ഉയരുമെന്ന് ഫിച്ച് റേറ്റിംഗ്സ്

**ന്യൂഡൽഹി:** ഡോളറിന് 87രൂപ എന്ന നിരക്കിലേക്ക് 2026ൽ ഇന്ത്യൻ രൂപയുടെ മൂല്യം ഉയരുമെന്ന് ഫിച്ച് റേറ്റിംഗ്സ്. അന്താരാഷ്ട്ര പ്രശസ്തമായ റേറ്റിംഗ് ഏജൻസിയാണ് ഫിച്ച് റേറ്റിംഗ് സ്. ഇന്ത്യയുടെ ജിഡിപി വളർച്ച 7.4 ശതമാനമായി ഉയരുമെന്നും കറൻസിയുടെ മൂല്യത്തിലെ ദൗർബല്യം കയറ്റുമതിയുടെ കുതിപ്പിന് കാരണമാകുമെന്നും ഫിച്ച് റേറ്റിംഗ്സ് പ്രവചിക്കുന്നു.



ഇന്ത്യയുടെ കമ്മി ഇപ്പോൾ ജിഡിപിയുടെ 1.5 ശതമാനം മാത്രമേയുള്ളൂ. നേരിട്ടുള്ള വിദേശനിക്ഷേപമാകട്ടെ പല മേഖലയിലും കുതിക്കുന്നുണ്ട്. ഇനി ഇന്ത്യയുടെ മേലുള്ള വ്യാപാരത്തീരുവ വെട്ടിക്കുറച്ചുകൊണ്ട് ട്രംപ് ഇന്ത്യയുമായി ഒരു വ്യാപാരക്കരാർ ഒപ്പുവെയ്ക്കുന്നതോടെ ഇന്ത്യയുടെ സമ്പദ്ഘടന കുതിയ്ക്കുമെന്ന പ്രതീക്ഷയും അന്തരീക്ഷത്തിലുണ്ട്.

അതിനിടെ രൂപയുടെ മൂല്യം സുസ്ഥിരമാക്കാൻ ചില നടപടികളുമായി റിസർവ്വ് ബാങ്ക് മുന്നോട്ട് വരുന്നുണ്ട്. അതിൽ ഒന്ന് റിസർവ്വ് ബാങ്കിന്റെ കരുതൽ ധനത്തിൽ നിന്നും ഡോളർ വിറ്റഴിച്ച് രൂപയുടെ മൂല്യം ഉയർത്താനുള്ള നടപടിയാണ്. കഴിഞ്ഞ ദിവസം വൻതോതിൽ ഡോളറുകൾ വിറ്റഴിച്ചതിനെ തുടർന്ന് രൂപയുടെ മൂല്യം ഉയർത്താൻ റിസർവ്വ് ബാങ്കിന് കഴിഞ്ഞിരുന്നു. ഇത് ഭാവിയിലും തുടരും.

ആയിരം കോടിയുടെ ഡോളർ റുപി സ്വാപ് ഒരിയ്ക്കൽ കൂടി നടത്താൻ പോവുകയാണ്. 2026 ജനവരിയിൽ ഈ ഡോളർ സ്വാപ് നടക്കും. ഇതുവഴി ബാങ്കുകളുടെ കൈവശമുള്ള ഡോളറുകൾ റിസർവ്വ് ബാങ്ക് ഇന്ത്യ വാങ്ങിക്കൂട്ടും. പകരം ബാങ്കുകൾക്ക് ഇന്ത്യൻ രൂപ നൽകും. ഇതോടെ രൂപയുടെ ക്ഷാമം പരിഹരിക്കപ്പെടുന്നതോടെ രൂപയുടെ മൂല്യവും സുസ്ഥിരമാകും.




# ഇനി തുർക്കിയുടെ മാർബിൾ വേണ്ട; പകരം ഒമാന്റെ മാർബിൾ

**ന്യൂഡൽഹി:** ഈയിടെ ഒമാനുമായി സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെച്ച ഇന്ത്യ തുർക്കിയുടെ എർദോഗാന് നൽകിയത് എട്ടിന്റെ പണി. നേരത്തെ മാർബിളിന് വേണ്ടി തുർക്കിയെ മാത്രം ആശ്രയിച്ചിരുന്ന ഇന്ത്യ പകരം ഒമാനിൽ നിന്നും മാർബിൾ ഇറക്കുമതി ചെയ്യാൻ തീരുമാനിക്കുകയായിരുന്നു.



വർഷം തോറും ഏകദേശം 500 കോടി ഡോളറിന്റെ (ഏകദേശം 44,951 കോടി രൂപ) മാർബിൾ തുർക്കിയിൽനിന്നും ഇറക്കുമതി ചെയ്തിരുന്നതാണ് ഇന്ത്യ. ഫിനിഷ് ചെയ്ത മാർബിളായിരുന്നു ഇന്ത്യ തുർക്കിയിൽ നിന്നും കൊണ്ടുവന്നിരുന്നത്.

പക്ഷെ പകരം ഇപ്പോൾ ഒമാനിൽ നിന്നും അസംസ്കൃത മാർബിൾ ആണ് ഇന്ത്യ വാങ്ങുക. ഇതോടെ ഈ അസംസ്കൃത മാർബിൾ കട്ട് ചെയ്യുക, പോളിഷ് ചെയ്യുക തുടങ്ങിയ അധിക തൊഴിലവസരങ്ങളും ഇന്ത്യയ്ക്ക് ലഭിയ്ക്കും.

പഹൽ ഗാം ആക്രമണത്തിന് മറുപടിയായി ഇന്ത്യ പാകിസ്ഥാനിൽ നടത്തിയ ഓപ്പറേഷൻ സിന്ദൂർ ആക്രമണത്തിൽ പാകിസ്ഥാന് ഡ്രോണുകളും മിസൈലുകളും നൽകി സഹായിക്കുകയായിരുന്നു. തുർക്കി. പണ്ട് തുർക്കിയിൽ ഭൂകമ്പം നാശനഷ്ടം വിതച്ചപ്പോൾ ആദ്യം ഓടിയെത്തിയ രാജ്യമായിരുന്നു ഇന്ത്യ. ഇന്ത്യക്കാരിൽ പലരും വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി തുർക്കിയെ ഉപയോഗിപ്പെടുത്തിയിരുന്നു.

തുർക്കി പലരും വിദേശയാത്രകൾക്കായി തെരഞ്ഞെടുത്തിരുന്ന ഡെസ്റ്റിനേഷനായിരുന്നു. ഈസ്താംബൂളിനെപ്പോലെ ചരിത്രമുറങ്ങിക്കിടക്കുന്ന നിരവധി നഗരങ്ങൾ തുർക്കിയിൽ ഉണ്ട്. പക്ഷെ ഇത്തരം തുർക്കി ട്രിപ്പുകൾ പലരും ഉപേക്ഷിച്ചു.ഇതെല്ലാം കൂടി തുർക്കിക്ക് വലിയൊരു സാമ്പത്തിക ആഘാതമാണ് ഉണ്ടായത്.

# എസ്.ഐ.ആർ: ആശങ്ക പരിഹരിക്കണം: ജമാഅത്ത് കൗൺസിൽ

**കൊച്ചി:** സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്ക്കരണം (എസ്.ഐ.ആർ)വുമായി ബന്ധപ്പെട്ട് 24 ലക്ഷം ആളുകൾ പുറത്താകുമെന്ന തരത്തിലുള്ള പ്രചാരണം ആശങ്കാജനകമാണെന്നും ബന്ധപ്പെട്ടവർ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കണമെന്നും ജമാഅത്ത് കൗൺസിൽ ജില്ലാ കമ്മിറ്റി കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തിൽ കൂടുതൽ പേർ വോട്ടർ പട്ടികയിൽ നിന്നും പുറത്തുപോകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. എസ്. ഐ. ആറിന്റെ സമയപരിധി നിശ്ചയിച്ചതിലും പ്രവാസി വോട്ടർമാരുടെ എന്യുമറേഷൻ സംബന്ധിച്ചും തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച നടപടി പുനപരിശോധിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ടി.എ അഹമ്മദ് കബീർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ.എം അബൂബക്കർ വിഷയാവതരണം നടത്തി. എൻ.വി.സി അഹമ്മദ്, എസ്. കുഞ്ഞുമുഹമ്മദ്, കെ.എം കുഞ്ഞുമോൻ, എം.കെ.എ ലത്തീഫ്, നാസർ മുട്ടത്തിൽ, കെ.എം അബ്ദുൾ കരിം തുടങ്ങിയവർ സംസാരിച്ചു.

## കൊച്ചി മാരത്തൺ ഫെബ്രുവരി എട്ടിന്

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ഫെബ്രുവരി 8ന് കൊച്ചിയിൽ നടക്കും. അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ കേരളത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഏക മാരത്തണാണിത്.രാജ്യാന്തര മാരത്തണുകളിലേക്കുള്ള യോഗ്യതാ മത്സരമെന്ന നിലയിൽ ദേശീയതലത്തിലുള്ള പ്രമുഖ താരങ്ങൾ ഇത്തവണയും കൊച്ചിയിൽ ഓടാനെത്തും. ആദ്യ പതിപ്പ് മുതൽ മാരത്തണിന്റെ അവിഭാജ്യ ഘടകമായ ആസ്റ്റർ മെഡ്സിറ്റിയാണ് ഇത്തവണയും മെഡിക്കൽ പാർട്ണർ. പ്രമുഖ വാഹന ബ്രാൻഡായ ഇഞ്ചിയോൺ കിയ രണ്ടാം വർഷവും ലീഡ് കാർ പാർട്ണറായി മാരത്തണിനൊപ്പമുണ്ട്. ടൈഗർ ബാം പെയ്ൻ റിലീഫ് പാർട്ണറായും, അതിഥി സേവന രംഗത്തെ മികവുമായി മാരിയറ്റ് കൊച്ചി ഹോസ്പിറ്റാലിറ്റി പാർട്ണറായും സഹകരിക്കും. താരങ്ങൾക്ക് ഊർജ്ജമേകാൻ നോ സീക്രട്ട്സ് ആണ് എനർജി പാർട്ണർ.കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയാണ് യൂണിവേഴ്സിറ്റി പാർട്ണർ. മാരത്തണിൽ പങ്കെടുക്കാൻ kochimarathon.in എന്ന വെബ്സൈറ്റിലൂടെ ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

## വിദ്യാർത്ഥികൾക്ക് സാംസങ് സർട്ടിഫിക്കേഷൻ

**കൊച്ചി:** സാംസങ് ഇന്നോവേഷൻ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി വിശാഖപട്ടണത്തെ വിഗ്നാൻ കോളേജിലും ഡയറ്റ് കോളേജിലുമായി 750 വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കോഡിങ്-പ്രോഗ്രാമിംഗ് മേഖലകളിൽ സർട്ടിഫിക്കേഷൻ നൽകി. സ്കിൽ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ പദ്ധതികളുമായി ചേർന്ന്, സാംസങ് ഇന്നോവേഷൻ ക്യാമ്പസ് 2025ൽ 10 സംസ്ഥാനങ്ങളിലായി 20,000 വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. എഐ, ഐഒടി, ബിഗ് ഡാറ്റ തുടങ്ങിയ മേഖലകളിൽ യുവാക്കളെ സജ്ജമാക്കുന്ന ഈ പദ്ധതി ഇന്ത്യയുടെ ഭാവി തൊഴിലാളി ശക്തിയെ ശക്തിപ്പെടുത്തുമെന്ന് സാംസങ് അധികൃതർ അറിയിച്ചു.

## പുനർദർഘാസുകൾ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലെ എറണാകുളം ജില്ലാതല ഐ.സി.ഡി.എസ് സെല്ലിന്റെ പരിധിയിൽ വരുന്ന 35 പേർ അടങ്ങുന്ന അങ്കണവാടി ഹെൽപ്പർമാർക്ക് 32 ദിവസം പരിശീലനം നൽകുന്നതിലേക്കായി ക്ലാസ് മുറി, താമസം, ഭക്ഷണം, വെള്ളം ഇലക്ട്രിസിറ്റി, ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കാൻ താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ജനുവരി മൂന്ന് ഉച്ചയ്ക്ക് ഒന്നു വരെ ദർഘാസുകൾ സ്വീകരിക്കും. വിലാസം ജില്ലാ തല ഐ സി ഡി എസ് സെൽ, കാക്കനാട്, പിൻ-682030 കൂടുതൽ വിവരങ്ങൾക്ക് കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാതല ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.ഫോൺ 0484-2423934

## ഇ.സി.ജി ടെക്നീഷ്യൻ താൽകാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ കീഴിൽ ജനറൽ മെഡിസിൻ വിഭാഗത്തിലേക്ക് ഇ.സി.ജി ടെക്നിഷ്യൻ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തുന്നു. ഡിപ്ലോമ ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി , ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി , അല്ലെങ്കിൽ പ്രവൃത്തിപരിചയത്തോടുകൂടിയ വി.എച്ച്.എസ്.ഇ എന്നിവയാണ് നിശ്ചിത യോഗ്യതകൾ.

35 വയസ്സാണ് ഉയർന്ന പ്രായപരിധി. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ഡിസംബർ 3 ന് രാവിലെ 10:30 ക്ക് മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സി.സി.എം ഹാളിൽ നടക്കുന്ന അഭിമുഖത്തിന് നേരിട്ട് ഹാജരാകേണ്ടതാണ്.



ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ' ഹൃദയപൂർവ്വം ' അതിജീവിതരുടെ സംഗമം ' ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ജി. മാധവൻ കുട്ടി, അഡ്വ.ബി.എ അബ്ദുൾ മുത്തലിബ്, എം.ഒ ജോൺ, ജെബി മേത്തർ എം.പി, ഡോ. ജിയോ പോൾ, ഡോ. ജോർജ്ജ് ജെ. വാളൂരാൻ, എൻ.എ അബ്രാഹം, ഡോ.തോമസ് പീറ്റർ, ഡോ. ദിദിയ, അജയ് തറയിൽ, പി. വി അഷ്റഫ്, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. ഹസീന മുഹമ്മദ്, ഇന്ദിരാബായ് പ്രസാദ്, ഇക്ബാൽ വലിയ വീട്ടിൽ, പി.ഡി അശോകൻ തുടങ്ങിയവർ സമീപം

# ഹൃദയപൂർവ്വം ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി; ആവേശമായി അതിജീവിതരുടെ സംഗമം

## ഡോക്ടർമാർ ദൈവിക സ്പർശമുള്ളവർ: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** ഡോക്ടർമാരും നേഴ്സുമാരുമുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ ദൈവിക സ്പർശമുള്ളവരാണെന്നും എല്ലാ രോഗികൾക്കും നീതി പൂർവ്വമായ ചികിൽസ നൽകുകയെന്നത് ഡോക്ടർമാരുടെ ഉത്തരവാദിത്വമാണെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഹൃദയശസ്ത്രക്രിയകൾക്ക് വിധേയമായി ജീവിതത്തിലേക്ക് മടങ്ങിയെത്തിയവരുടെയും കുടുംബാഗംങ്ങളുടെയും സംഗമം ' ഹൃദയപൂർവ്വം ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രോഗം ഒന്നിന്റെയും അവസാനമല്ല മറിച്ച് ജിവീതത്തിന്റെ ഒരു ഭാഗം മാത്രമാണ്. ഒരിക്കൽ പോലും ഡോക്ടർമാരെ കാണാതെ ജീവിതം പൂർത്തിയാക്കാൻ നമ്മുക്ക് കഴിയില്ല. ലോകത്തിൽ ഏറ്റവും വേഗത്തിലും മികച്ചതുമായ ചികിൽസ കിട്ടുന്ന ഒന്നാമത്തെ രാജ്യം ഇന്ത്യയും സംസ്ഥാനം കേരളവുമാണ്. മറ്റു രാജ്യങ്ങളിൽ ഡോക്ടർമാരെ കാണാൻ ദിവസങ്ങളോളം കാത്തിരിക്കേണ്ടിവരുമ്പോൾ ഇവിടെ ഏതു സമയത്തും നമ്മുക്ക് ചികിൽസ തേടാൻ സാധിക്കും. ഏറ്റവും വലിയ ഭാഗ്യമാണിതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വ്യക്തമാക്കി. ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു.

ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഇന്ദിരാഗാന്ധി ആശുപത്രിയിലെ ഡോക്ടർമാരായ ജോർജ്ജ് ജെ. വാളൂരാൻ, ഡോ. ജിയോ പോൾ എന്നിവരെയും വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് വഴിവക്കിൽ കിടന്ന യുവാവിനെ വഴിയരികിൽ വെച്ച് അടിയന്തര ശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവന്ന ഡോക്ടർമാരായ തോമസ് പീറ്റർ, ദിദിയ എന്നിവരെയും ആശുപത്രി സെക്രട്ടറി അജയ് തറയിൽ ചടങ്ങിൽ പരിചയപ്പെടുത്തി. ഇവർ നൽകിയ സേവനം മഹത്തരമാണെന്നും കേരള സമൂഹം എന്നും ഇവരെ ഓർമ്മയിൽ സൂക്ഷിക്കുമെന്നും അജയ് തറയിൽ പറഞ്ഞു. ഇവരെ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ആദരിച്ചു.

ജെബി മേത്തർ എം.പി, കൊച്ചിൻ ഐ.എം. എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ചിക്കിംഗ് ഹാർട്ട് കെയർ കോർഡിനേറ്റർ ജി. മാധവൻ കുട്ടി, വൈസ് പ്രസിഡന്റ് അഡ്വ.ബി.എ അബ്ദുൾ മുത്തലിബ്, ഭരണസമിതി ഡയറക്ടർമാരായ പി. വി അഷ്റഫ്, ഡോ. ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ഇന്ദിരാബായ് പ്രസാദ്, എൻ. എ അബ്രാഹം, പി.ഡി അശോകൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് അതിജീവിതരുടെയും കുടുംബാഗങ്ങളുടെയും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.



# മന്ത്രിക്കൊപ്പം ഹിൽപാലസ് കണ്ട് സ്നേഹക്കൂടിലെ അച്ഛനമ്മമാർ

**കൊച്ചി:** തൃപ്പൂണിത്തുറ ഹിൽപ്പാലസ് കണ്ട് മനസ് നിറഞ്ഞു മടങ്ങി സ്നേഹക്കൂടിലെ അച്ഛനമ്മമാർ.കഴിഞ്ഞ തവണ പടിവാതിൽക്കൽ നിന്ന് മടങ്ങേണ്ടി വന്ന സങ്കടം മായ്ച്ചുകളയുന്നതായിരുന്നു പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന്റെ നേതൃത്വത്തിൽ അവർക്കായി ഒരുക്കിയ സ്വീകരണം. നേരത്തെ ഹിൽപ്പാലസിലേക്ക് എത്തിയ സ്നേഹക്കൂട്ടിലെ അന്തിവാസികൾക്ക് പോലീസ് ഉദ്യോഗസ്ഥന്റെ മോശം പെരുമാറ്റം മൂലം അകത്തു കയറാൻ കഴിയാതെ മടങ്ങേണ്ടി വന്നിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് ഔദ്യോഗികമായി സ്വീകരണം ഒരുക്കിയത്. സ്നേഹക്കൂടിന്റെ ഡയറക്ടർ നിഷക്ക് ഒപ്പമാണ് അന്തേവാസികൾ ഹിൽപ്പാലസിലേക്ക് എത്തിയത്.വയോജനങ്ങളെ ചേർത്തുപിടിക്കുന്നതാണ് സർക്കാരിന്റെ ഉത്തരവാദിത്വമെന്നും ഇനിയും ഇതുപോലെയുള്ള കൂടിക്കാഴ്ചകൾക്ക് അവസരം ഒരുക്കുമെന്നും മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അന്തേവാസികൾക്ക് വാക്കുകൊടുത്തു. ഒരു ഉദ്യോഗസ്ഥൻ കാണിച്ച കെടുകാര്യസ്ഥതയിൽ ആ വകുപ്പിലെ എല്ലാവരും അങ്ങനെ ആണെന്ന് കരുതരുതെന്നും മന്ത്രി ഓർമിപ്പിച്ചു. ഇത്തരം ഇടങ്ങളിൽ വയോജനങ്ങൾക്ക് പരിഗണനന ഉണ്ടാകണം എന്ന ഒരു അപേക്ഷ വന്നിട്ടുണ്ടെന്നും അത് പ്രത്യേക പരിഗണനയിലുണ്ടെന്നും മന്ത്രി പറഞ്ഞു. അന്തേവാസികളായ തങ്കമ്മയ്ക്കും വർഗീസിനുമൊപ്പം മന്ത്രി കേക്ക് മുറിച്ചു മധുരം പങ്കിടുകയും ചെയ്തു. അന്തേവാസികൾക്കായി പാട്ടുപാടിയും, ചിത്രമെടുത്തുമാണ് മന്ത്രി മടങ്ങിയത്. സമാപന ചടങ്ങിൽ സ്നേഹക്കൂടിലെ അന്തേവാസികൾ കലാപരിപാടികളും അവതരിപ്പിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ബിനാലെയിൽ ഹാലൂസിനേഷൻസ് ഓഫ് ആൻ ആർട്ടെഫാക്റ്റ്

**കൊച്ചി:** സിന്ധുനദീതട സംസ്കാരത്തിന്റെ ഭാഗമായ മൊഹൻജൊദാരോയിൽ നിന്ന് കണ്ടെടുത്ത പ്രസിദ്ധമായ ഡാൻസിംഗ് ഗേൾ എന്ന വെങ്കല പ്രതിമയെ ആസ്പദമാക്കി നർത്തകനും കൊറിയോഗ്രാഫറുമായ മന്ദീപ് റെയ്ഖി തയ്യാറാക്കിയ 'ഹാലൂസിനേഷൻസ് ഓഫ് ആൻ ആർട്ടെഫാക്റ്റ്' കലാപ്രതിഷ്ഠ ശ്രദ്ധയാകർഷിക്കുന്നു. അതത് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസരിച്ചുള്ള ചരിത്രരചനയെ സൂചിപ്പിക്കുന്നതാണ് ഈ കലാ പ്രതിഷ്ഠ.

നിഖിൽ ചോപ്രയും ഗോവയിലെ എച്ച്.എച്ച് ആർട്ട് സ്പേസസും ചേർന്ന് ക്യൂറേറ്റ് ചെയ്ത കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം പതിപ്പിൽ മട്ടാഞ്ചേരി ബസാർ റോഡിലെ എസ്.എം.എസ് ഹാളിലാണ് ഈ വേറിട്ട കാഴ്ച ഒരുക്കിയിരിക്കുന്നത്. കൊളോണിയൽ കാഴ്ചപ്പാടിലൂടെ രൂപപ്പെട്ട ചരിത്ര ബോധ്യങ്ങളെയും ക്ലാസിക്കൽ നൃത്ത സങ്കൽപ്പങ്ങളെയും റെയ്ഖി ഈ സൃഷ്ടിയിലൂടെ വിമർശനാത്മകമായി സമീപിക്കുന്നു. നിർമിത ബുദ്ധി ഉപയോഗിച്ച് 4500 വർഷം പഴക്കമുള്ള പുരാവസ്തുവിന് ജീവൻ നൽകിക്കൊണ്ടാണ് അദ്ദേഹം കാണികളെ പുതിയ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. ആകാംക്ഷ കുമാരി, മഞ്ജു ശർമ്മ എന്നിവർക്കൊപ്പം നർത്തകി ശിൽപത്തിന്റെ ചലനങ്ങളോട് സംവദിച്ചുകൊണ്ട് റെയ്ഖിയും ചുവടുവെക്കുന്നു. ശരീരത്തെ പരീക്ഷണശാലയാക്കി മാറ്റിക്കൊണ്ടാണിത്. ചരിത്രം, ദേശീയത, നഗ്നത, ലൈംഗികത എന്നിവയെക്കുറിച്ചുള്ള ധാരണകളെ അവർ ചോദ്യം ചെയ്യുന്നു. ഐതിഹാസികമായ 'ത്രിഭംഗ' മുദ്ര ഭാരതീയ നൃത്തകലയിലെ ആദ്യ തെളിവായിട്ടാണ് തനിക്ക് പരിചയപ്പെടുത്തിയതെന്ന് മൻദീപ് പറഞ്ഞു. 11 ഇഞ്ച് മാത്രം വലിപ്പമുള്ള ആ രൂപത്തിന് നൂതന സാങ്കേതിക വിദ്യയിലൂടെ പരിണമിപ്പിക്കാൻ സാധിക്കുമോ എന്ന അന്വേഷണമാണ് നടത്തിയത്. മ്യൂസിയത്തിലെ പീഠങ്ങളിൽ നിന്ന് പുറത്തുവരുന്ന ആ നർത്തകി പിന്നീട് ഒരു പോരാളിയായും കുട്ടിയായും സുഹൃത്തായും മാറുന്നത് ചുവരുകളിൽ തെളിയുന്ന എഐ ദൃശ്യങ്ങളിലൂടെ കാണാം.

എസ്.എം.എസ് ഹാളിലെ ചുവരിൽ തകർന്നടിഞ്ഞ അവശിഷ്ടങ്ങൾക്കിടയിലൂടെ നർത്തകി ജീവൻ വയ്ക്കുന്നത് കാണാം. നൃത്തം, യോഗ തുടങ്ങിയ ശാരീരിക ചലനങ്ങളിലൂടെ ആ പ്രതിമയോടൊപ്പം കലാകാരന്മാരും സഞ്ചരിക്കുന്നു. സംഗീതത്തിന്റെ വേഗത വർദ്ധിക്കുന്നതിനനുസരിച്ച് ഈ ചലനങ്ങൾ വികാരനിർഭരവും ചിന്തോദ്ദീപകവുമായി മാറുന്നു.

ജോനാഥൻ ഒഹീറുമായി ചേർന്ന് ഏകദേശം നാല് വർഷത്തെ പ്രയത്നത്തിലൂടെയാണ് ഈ എഐ ദൃശ്യങ്ങൾ റെയ്ഖി രൂപപ്പെടുത്തിയത്. കറുപ്പും വെളുപ്പുമുള്ള നഗ്നരൂപങ്ങളും ഉരുകി ഒലിക്കുന്നതും തകർന്നടിയുന്നതുമായ ദൃശ്യങ്ങളും വൈവിധ്യമാർന്ന നിറങ്ങളും ചേർന്ന് പുത്തൻ അനുഭവം കാണികൾക്ക് നൽകുന്നു. പരിശീലന വേളകളിൽ ചില കാണികളും നർത്തകിയോടൊപ്പം ചുവടുവെക്കാറുണ്ട്. 'ഫോർ ദ ടൈം ബീയിംഗ്' എന്ന ബിനാലെ ആറാം ലക്കത്തിലെ പ്രമേയത്തോട് ചേർന്നുനിൽക്കുന്ന ഈ കലാപ്രതിഷ്ഠയുടെ ഭാഗമായുള്ള പ്രകടനം 2026 ഫെബ്രുവരിയിൽ വീണ്ടും നടക്കും.

# 10 മിനിറ്റ് ഡെലിവറി: ഓൺലൈൻ കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ കാരണം കാണിക്കൽ നോട്ടീസ്

**കൊച്ചി;** 10 മിനിറ്റ് ഡെലിവറി എന്ന അതിവേഗ സേവനത്തിന്റെ പേരിൽ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ ഓൺലൈൻ ഡെലിവറി കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകി. റോഡ് സുരക്ഷ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെയാണ് നടപടി.

നിശ്ചിത സമയത്തിനുള്ളിൽ സാധനങ്ങൾ എത്തിക്കണമെന്ന കമ്പനികളുടെ കടുത്ത സമ്മർദ്ദം മൂലം ഡെലിവറി ഏജന്റുമാർ അമിതവേഗത്തിലും അശ്രദ്ധമായും വാഹനമോടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സിഗ്നൽ ലംഘനം, തെറ്റായ ലെയ്ൻ മാറ്റം, സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതെയുള്ള യാത്ര എന്നിവ റൈഡർമാർക്കിടയിൽ പതിവാകുന്നത് വലിയ അപകടഭീഷണിയാണ് ഉയർത്തുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ട് മരണങ്ങൾ വരെ റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിലാണ് വകുപ്പിന്റെ ഇടപെടൽ.

അതിവേഗ ഡെലിവറി സംവിധാനം റോഡ് സുരക്ഷയെ ബാധിക്കില്ലെന്ന് എങ്ങനെ ഉറപ്പാക്കുന്നുവെന്നും റൈഡർമാരുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദീകരിക്കാൻ കമ്പനികളോട് നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സമയം ജീവനേക്കാൾ പ്രധാനമാണെന്ന തെറ്റായ സന്ദേശമാണ് ഇത്തരം ബിസിനസ് മാതൃകകൾ നൽകുന്നതെന്ന് മോട്ടോർ വാഹന വകുപ്പ് വൃത്തങ്ങൾ നിരീക്ഷിച്ചു. റോഡ് സുരക്ഷ മുൻനിർത്തി അതിവേഗ ഡെലിവറി സംവിധാനങ്ങൾ പുനഃപരിശോധിക്കേണ്ടതുണ്ടെന്നും നിയമലംഘനങ്ങൾ തുടർന്നാൽ കർശന നടപടി സ്വീകരിക്കുമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ നാഗരാജു ചകിലം മുന്നറിയിപ്പ് നൽകി. വരും ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ കർശനമാക്കുമെന്ന് എറണാകുളം എൻഫോഴ്സ്മെന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** നെറ്റ്ഫിഷ് എം.പി.ഇ.ഡി.എ, സിഫ്റ്റ് എന്നിവയുടെ എംപാനൽമെന്റിലുള്ള എറണാകുളം മത്സ്യഫെഡ് നെറ്റ് ഫാക്ടറി, ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ് നിർമ്മാണത്തിന് ആവശ്യമായ ഗ്രിഡുകൾ വിതരണം ചെയ്യുന്നതിന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 3ന് രാവിലെ 11 ന് മുൻപായി എറണാകുളം മത്സ്യഫെഡ് നെറ്റ് ഫാക്ടറി ഓഫീസിൽ ലഭിക്കണം. ഫോൺ 0484-2394410, 0484-2391426.

## കെ.ജി രാധാകൃഷ്ണൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്; സിന്റ ജേക്കബ്ബ് വൈസ് പ്രസിഡന്റ്

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി കെ.ജി രാധാകൃഷ്ണനും വൈസ് പ്രസിഡന്റായി സിന്റ ജേക്കബ്ബും തിരഞ്ഞെടുക്കപ്പെട്ടു. വരണാധികാരിയായ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാൾ നടന്ന തിരഞ്ഞെടുപ്പിൽ എതിരില്ലാതെയാണ് പാമ്പാക്കുട ഡിവിഷനിൽ നിന്നുള്ള കോൺഗ്രസ് അംഗമായ രാധാകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ടത്.

തുടർന്ന് ജില്ലാ കളക്ടർ സത്യ വാചകം ചൊല്ലിക്കൊടുത്തു. കാലഘട്ടത്തിനനുസരിച്ചുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നതിന് ഊന്നൽ നൽകുമെന്ന് ചുമതല ഏറ്റ ശേഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. നാടിന്റെ വികസനത്തിന് കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ ഒരുമിച്ച് പ്രവർത്തിക്കുമെന്നും അതിന് എല്ലാവരുടെയും പിന്തുണ പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് നടന്ന വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ സിന്റ ജേക്കബ് വിജയിച്ചു.

വരണാധികാരിയും ജില്ലാ കളക്ടറുമായ ജി.പ്രിയങ്കയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാളിൽ നടന്ന തിരഞ്ഞെടുപ്പിൽ രണ്ട് സ്ഥാനാർത്ഥികളാണ് ഉണ്ടായിരുന്നത്. യു.ഡി.എഫിലെ ആലങ്ങാട് ഡിവിഷനിൽ നിന്നുള്ള അംഗമായ സിന്റ ജേക്കബ്ബും എൽ.ഡി.എഫിലെ കടമക്കുടി ഡിവിഷനിൽ നിന്നുള്ള മേരി വിൻസെന്റുമായിരുന്നു സ്ഥാനാർത്ഥികൾ. ആകെയുള്ള 28 അംഗങ്ങളും വോട്ടെടുപ്പിൽ പങ്കെടുത്തു. അതിൽ 25 വോട്ടുകൾ സിന്റ ജേക്കബ്ബും 3 വോട്ടുകൾ മേരി വിൻസെന്റും നേടി. തുടർന്ന് സിന്റ ജേക്കബ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ സത്യ വാചകം ചൊല്ലികൊടുത്തു.ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സുനിൽ മാത്യു, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എം ഷെഫീഖ് എന്നിവർ തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

## ന്യൂ ജനറേഷൻ ബൈക്കുകളുടെ നിയമ ലംഘനങ്ങൾ: ജില്ലാ കളക്ടർ അടിയന്തര യോഗം വിളിക്കണം

**കൊച്ചി:** കൊച്ചി നഗരത്തിൽ മരണപ്പാച്ചിൽ നടത്തുന്ന ന്യൂ ജനറേഷൻ ബൈക്ക് ഉൾപ്പെടെയുള്ള വാഹനങ്ങളുടെ നിയമലംഘനങ്ങൾ കർശനമായി തടയുന്നതിന് ജില്ലാ കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം അടിയന്തരമായി വിളിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു.

ഹെൽമറ്റില്ലാതെ, രൂപമാറ്റം വരുത്തിയ ബൈക്കുകളിൽ മൂന്നു പേരെ വരെ കയറ്റി നടപ്പാതയിലൂടെ യാത്ര ചെയ്യുന്നവരെ കുറിച്ചുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. എ.ഐ ക്യാമറകൾ സ്ഥാപിക്കണമെന്ന ആവശ്യവും ശക്തമാണ്. ജില്ലാ കളക്ടർ വിളിക്കുന്ന സംയുക്ത ഉദ്യോഗസ്ഥതല യോഗത്തിൽ റോഡ് സുരക്ഷാ കമ്മീഷണർ, ജില്ലാ പോലീസ് മേധാവി ( സിറ്റി) ട്രാഫിക് അസി.കമ്മീഷണർ, ആർ.റ്റി. ഒ, ജോയിന്റ് ആർ.റ്റി. ഒ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി എന്നിവർ പങ്കെടുത്ത് പരിഹാര മാർഗങ്ങൾ പരിശോധിക്കണം.

എത്ര എ.ഐ ക്യാമറകൾ നഗരത്തിലുണ്ടെന്നും പ്രവർത്തിക്കുന്നുണ്ടെന്നും വിലയിരുത്തണം. കൂടുതൽ ക്യാമറകൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കണം. ഇത് ആരാണ് സ്ഥാപിക്കേണ്ടതെന്നും തീരുമാനിക്കണം.

യോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ആർ റ്റി ഓ , റോഡ് സുരക്ഷാ കമ്മീഷണർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവർ മൂന്നാഴ്ചക്കകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം.ആർ ഡി ഓ, ട്രാഫിക് അസി.കമ്മീഷണർ, ജോയിന്റ് ആർ.റ്റി. ഒ, റോഡ് സുരക്ഷാ കമ്മീഷണറുടെയും നഗരസഭാ സെക്രട്ടറിയുടെയും പ്രതിനിധി എന്നിവർ ജനുവരി 22 ന് രാവിലെ 10 ന് പത്തടി പാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.

## ശിവഗിരി തീർത്ഥാടന പുരസ്കാരം 2025 ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്

**ശിവഗിരി:** ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ശിവഗിരി മഠം ഇക്കൊല്ലം മുതൽ ഏർപ്പെടുത്തുന്ന ശിവഗിരി തീർത്ഥാടന പുരസ്കാരത്തിൻറെ പ്രഥമ പുരസ്കാരത്തിന് കൊച്ചിയിലെ ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അർഹമായി.

ശ്രീനാരായണ ഗുരുദേവന്റെ കൽപനാനുസൃതം ആരംഭിച്ച ശിവഗിരി തീർത്ഥാടനം വിദ്യാഭ്യാസം, ശുചിത്വം, ഈശ്വരഭക്തി, സംഘടന, കൃഷി, കൈത്തൊഴിൽ, കച്ചവടം, ശാസ്ത്ര സാങ്കേതിക പരിശീലനം എന്നീ എട്ട് ലക്ഷ്യങ്ങളെ ആധാരമാക്കി സമൂഹത്തിന്റെയും ലോകത്തിന്റെയും ആത്മീയവും ലൗകികവുമായ ഉന്നമനത്തിന് വിലപ്പെട്ട സംഭാവനകളാണ് നൽകിവരുന്നത്. ഈ മേഖലകളുമായി ബന്ധപ്പെട്ടു സാമൂഹ്യ പ്രതിബദ്ധതയോടെ ഗുരുദർശനത്തിന്റെ വെളിച്ചത്തിൽ നിസ്തുലമായ സേവനം കാഴ്ച വെയ്ക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും മാതൃകയായിക്കണ്ട് സമാദരിക്കുകയെന്നതാണ് ഈ പുരസ്കാരത്തിന്റെ ലക്ഷ്യം. ഈയിനത്തിൽ ഇക്കൊല്ലത്തെ പ്രഥമപുരസ്കാരം നൽകുന്നതിന് പരിഗണിച്ചത് തീർത്ഥാടന ലക്ഷ്യങ്ങളിൽ ആദ്യത്തേതായ വിദ്യാഭ്യാസത്തിന്റെ മേഖലയിൽ മികവാർന്ന പ്രവർത്തനം കാഴ്ചവച്ച വ്യക്തികളെയും സ്ഥാപനങ്ങളെയുമാണ്. മുൻ ചീഫ് സെക്രട്ടറിയും വിദ്യാഭ്യാസവിചക്ഷണനുമായ ഡോ. കെ. ജയകുമാർ, അഡീഷണൽ ഡി. ജി. പി. പി. വിജയൻ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർഡോ. വി. പി. ജഗതിരാജ് എന്നിവർ അംഗങ്ങളുമായിട്ടുള്ള ജൂറിയാണ് പുരസ്കാരനിർണ്ണയം നടത്തിയത്.

ഗുരുദേവന്റെ വിദ്യാഭ്യാസദർശനത്തിന്റെ സ്വാധീനത്താലും പരോപകാരപരതയുടെ പ്രേരണയാലും കൊച്ചിയിലെ ചാലാക്കയിൽ പ്രവർത്തനം ആരംഭിച്ച ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കഴിഞ്ഞ 17 വർഷമായി മെഡിക്കൽ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും മികവാർന്ന സേവനം നടത്തി വരികയാണ്. ധനം വിദ്യയാകും വിദ്യ സേവനമാകും എന്ന ഗുരുവചനം അന്വർത്ഥമാക്കും വിധം അക്കാദമിക് മികവും സാമൂഹ്യപ്രതിബദ്ധതയും അന്യജീവനുതകുമാറുള്ള കാരുണ്യവും മുൻനിർത്തി മാതൃകാപരമായ പ്രവർത്തനം തുടർന്ന വരുന്ന പുരസ്കാരം നൽകണമെന്ന ജൂറിയുടെ വിധിനിർണ്ണയത്തെ സർവാത്മനാ സ്വാഗതം ചെയ്യുന്നതായി ശിവഗിരി മഠം പ്രസിഡൻറ് സച്ചിദാനന്ദസ്വാമിയും ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയും ട്രഷറർ സ്വാമി ശാരദാനന്ദയും സംയുക്ത പത്രക്കുറിപ്പിൽ അറിയിച്ചു. ഒരു ലക്ഷത്തിയൊന്നു രൂപയും പ്രശസ്തിപത്രവും പ്രത്യേകം രൂപകൽപ്പന ചെയ്ത ഫലകവുമടങ്ങുന്ന പുരസ്കാരം ഡിസംബർ 31 ന് രാവിലെ നടക്കുന്ന ശിവഗിരി തീർത്ഥാടന സമ്മേളനത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ജേതാക്കൾക്ക് നൽകും.

## വൈബ് ഫോർ വെൽനസ് ക്യാമ്പയിന് ഇടുക്കി ജില്ലയിൽ ഇന്ന് തുടക്കമാകും

**തൊടുപുഴ:** ജീവിതശൈലീരോഗങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ യുവജനങ്ങൾ, കുട്ടികൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ആരോഗ്യം ആനന്ദം വൈബ് ഫോർ വെൽനസ് ക്യാമ്പയിൻ പ്രവർത്തനത്തിന് ഇടുക്കി ജില്ലയിൽ 29ന് തുടക്കമാകും. രാവിലെ 7 മണിക്ക് തൊടുപുഴ മങ്ങാട്ടുകവല പുതിയ ബസസ്റ്റാൻഡിൽ വിവിധ കലാകായിക അഭ്യാസ പ്രകടനങ്ങളോടെ ആരംഭിക്കുന്ന റാലി തൊടുപുഴ മുനിസിപ്പൽ ചെയർപേഴ്സൺ സാബിറ ജലീൽ ഉദ്ഘാടനം ചെയ്യും. ആരോഗ്യ പ്രവർത്തകർ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ വിവിധ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ വിവിധ കലാകായിക പരിപാടികൾ റാലിയിൽ ശ്രദ്ധേയമാകും. മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ഡി എം ഒ ഓഫീസുമായി സഹകരിച്ച് കോതമംഗലം മാർ ബസേലിയസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് കോളേജിൽ രാവിലെ 9 ന് പൊതു സമ്മേളനത്തോടൊപ്പം വിവിധ കലാകായിക ഭക്ഷ്യ പ്രദർശന പരിപാടികളോടെ മെഗാ ഇവന്റ് സംഘടിപ്പിക്കും. ആരോഗ്യകരമായ ഭക്ഷണം, മതിയായ വ്യായാമം,കൃത്യമായ ഉറക്കം, ആരോഗ്യപരിപാലനം എന്നിവയിലൂന്നിയുള്ള ആരോഗ്യകരമായ ജീവിതശൈലി പിന്തുടരുന്നതിന് യുവജനങ്ങളും കുട്ടികളും ഉൾപ്പെടെ എല്ലാവർക്കും പ്രചോദനം നൽകുന്നതിനും, മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുക എന്നതാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

ജില്ലാ മെഡിക്കൽ ഓഫീസും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായാണ് ക്യാമ്പയിൻ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. പരിപാടിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ബിസിനസ് സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലയിൽ ശക്തമാക്കുമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു.

# അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രീ ലോഞ്ച് ഗവേഷക സംഗമം ഇന്ന്

**തിരുവനന്തപുരം:** ജനുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് മുന്നോടിയായി ഡിസംബർ 29 രാവിലെ 9.30ന് കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ പ്രീലോഞ്ച് അന്താരാഷ്ട്ര ഗവേഷക സംഗമം നടത്തുന്നു. ആരോഗ്യ വകുപ്പു മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം നിർവഹിക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവുമായ ഡോ. എം. ചന്ദ്രദത്തൻ മുഖ്യാതിഥിയാകും.

രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി , ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് തുടങ്ങിയ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ ഉൾപ്പെടെ കേരളത്തിലെ പ്രമുഖ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളും സംഗമത്തിൽ പങ്കെടുക്കും.

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ, ഗവേഷകർ, അക്കാദമിക വിദഗ്ധർ, വ്യവസായികൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം പ്രവർത്തനമാരംഭിക്കുമ്പോൾ അതിന്റെ പ്രവർത്തന മേഖലകൾ സംബന്ധിച്ച സമഗ്രമായ ചർച്ചയാണ് സംഗമത്തിൽ നടക്കുന്നത്. ആയുർവേദ ഗവേഷണവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി ഏതൊക്കെ മേഖലകളിൽ സഹകരിക്കാം എന്നതിനെക്കുറിച്ചുള്ള താൽപര്യം ക്ഷണിക്കുക എന്നതാണ് സംഗമത്തിന്റെ പ്രധാന ലക്ഷ്യം. ചർച്ചകളുടെ അടിസ്ഥാനത്തിൽ താൽപര്യപത്രങ്ങളും ധാരണാപത്രങ്ങളും വികസിപ്പിക്കുകയും ഗവേഷണ സ്ഥാപനം ആരംഭിക്കുമ്പോൾ തന്നെ അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കണം എന്ന് കൃത്യമായി വിഭാവനം ചെയ്യുക എന്നതുമാണ് ഈ സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ ഗവേഷണത്തിന് കേരളം വേദിയൊരുക്കുകയും പരമ്പരാഗത ജ്ഞാനവും ആധുനിക ശാസ്ത്രവും സമന്വയിപ്പിച്ച് പുതിയ അറിവുകൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ദീർഘകാല ലക്ഷ്യം.

# നോർക്ക റൂട്ട്സ് സാന്ത്വന അദാലത്ത് ജനുവരി 9ന് കോട്ടയത്ത്

**കോട്ടയം:** നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി (വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെ) സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന സാന്ത്വന ധനസഹായപദ്ധതിയുടെ അദാലത്ത് ജനുവരി ഒൻപതിന് കോട്ടയത്ത് നടക്കും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ (തൂലിക) രാവിലെ 10 മുതൽ വൈകിട്ട് മൂന്നു വരെയാണ് അദാലത്ത്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമായിരിക്കും പ്രവേശനം.
താൽപര്യമുള്ളവർ www.norkaroots.kerala.gov.in സന്ദർശിച്ച് ജനുവരി ഏഴിന് മുൻപായി അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് +91 481-2580033, +91 8281004905 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം. മരണാനന്തര ധനസഹായമായി ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയും, ചികിത്സാ സഹായമായി പരമാവധി 50,000 രൂപയും, മകളുടെ വിവാഹത്തിന് പരമാവധി 15,000 രൂപയും അംഗപരിമിത പരിഹാര ഉപകരണങ്ങൾക്ക് (കൃത്രിമ കാൽ, ഊന്നുവടി, വീൽചെയർ) പരമാവധി 10,000 രൂപയും പദ്ധതി പ്രകാരം ലഭിക്കും.

അപേക്ഷ നൽകുന്നതിന് പാസ്പോർട്ട്, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, സേവിങ്സ് ബാങ്ക് പാസ് ബുക്ക്, ഫോട്ടോ എന്നിവ ആവശ്യമാണ്. ഇവ കൂടാതെ ഓരോ പദ്ധതിക്കും പ്രത്യേകം രേഖകളും നൽകണം.

ചികിത്സാസഹായത്തിന് പൊതു രേഖകൾക്കൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ്, ഡിസ്ചാർജ് സമ്മറിയും മെഡിക്കൽ ബില്ലുകളും മരണാനന്തര ധനസഹായത്തിന് ഡെത്ത് സർട്ടിഫിക്കറ്റ്, പുനർവിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കുടുംബാംഗങ്ങളുടെ പേര് ഒരേ റേഷൻ കാർഡിൽ ഇല്ലെങ്കിൽ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കണം. മക്കളുടെ മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷകർ ലീഗൽ ഹയർ ഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഈ സമയത്ത് പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ആവശ്യമില്ല. വിവാഹ ധനസഹായത്തിന് പൊതു രേഖകൾക്കൊപ്പം വിവാഹ സർട്ടിഫിക്കറ്റും ഹാജരാക്കണം. മുൻപ് അപേക്ഷ നൽകിയവരും, നിരസിക്കപ്പെട്ടവരും വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഒരാൾക്ക് ഒറ്റ സ്കീം പ്രകാരം മാത്രമേ സഹായം അനുവദിക്കൂ.

അപേക്ഷ സമർപ്പിക്കുമ്പോഴും, ധനസഹായം സ്വീകരിക്കുമ്പോഴും അപേക്ഷകൻ വിദേശത്തായിരിക്കാൻ പാടില്ല. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91 8802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# പക്ഷിപ്പനി പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പക്ഷി വളർത്തൽ നിരോധിച്ചു

**ആലപ്പുഴ:**പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തില് കള്ളിംഗ് നടക്കുന്ന തകഴി, കാർത്തികപ്പള്ളി, കരുവാറ്റ, പുന്നപ്ര സൗത്ത്, അമ്പലപ്പുഴ സൗത്ത്, ചെറുതന, പുറക്കാട്, നെടുമുടി, കുമാരപുരം എന്നീ പഞ്ചായത്തുകളുടെ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവിലുള്ള സർവൈലൻസ് സോണിൽ ഉൾപ്പെടുന്ന ആലപ്പുഴ മുനിസിപ്പാലിറ്റി, അമ്പലപ്പുഴ സൗത്ത്, അമ്പലപ്പുഴ നോർത്ത്, പുന്നപ്ര സൗത്ത്, പുന്നപ്ര നോർത്ത്, പുറക്കാട്, കൈനകരി, ചമ്പക്കുളം, രാമങ്കരി, വെളിയനാട്, പുളിങ്കുന്ന്, നെടുമുടി, തലവടി, മുട്ടാർ, എടത്വ, തകഴി, തൃക്കുന്നപ്പുഴ, ആറാട്ടുപ്പുഴ, കണ്ടല്ലൂർ, പത്തിയൂർ, മുതുകുളം, കരുവാറ്റ, കുമാരപുരം, ഹരിപ്പാട് മുനിസിപ്പാലിറ്റി, കാർത്തികപ്പള്ളി, ചിങ്ങോലി, വീയപുരം, പള്ളിപ്പാട്, ചെറുതന, ചേപ്പാട്, ചെട്ടികുളങ്ങര, ചെന്നിത്തല, മാന്നാർ, നിരണം, കടപ്ര പഞ്ചായത്തുകളുടെ പരിധിയിൽ താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ ഇവയുടെ മുട്ട , ഇറച്ചി, കാഷ്ഠം (വളം), ഫ്രോസൺ മീറ്റ്, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും ഒരാഴ്ചത്തേയ്ക്ക് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.



ഈ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം) എന്നിവയുടെ വിൽപ്പനയും കടത്തലും നടക്കുന്നില്ലായെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ആയതിലേയ്ക്ക് സ്ക്വാഡ് രൂപീകരിച്ച്, കർശന പരിശോധനകൾ നടത്തേണ്ടതുമാണ്.

പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഇൻഫെക്ടഡ് സോണിൽ കള്ളിംഗ് പൂർത്തിയായി മൂന്ന് മാസത്തേയ്ക്ക് പക്ഷികളെ വളർത്തുന്നത് നിരോധിക്കുന്നു.

അമ്പലപ്പുഴ, കാർത്തികപ്പള്ളി, കുട്ടനാട് തഹസിൽദാർമാർ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ കർശന പരിശോധനയും മേൽനോട്ടവും നടത്തേണ്ടതാണ്.

നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഈ പക്ഷികളുടെ മാംസം, മുട്ട എന്നിവ കൊണ്ടുള്ള ഭക്ഷ്യ വിഭവങ്ങൾ വിൽപ്പന നടത്തുന്നില്ലെന്ന് ഫുഡ് സേഫ്റ്റി ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.



# ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ

**തിരുവല്ല:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്, ഡയമണ്ട് ജ്വല്ലറികൾക്ക് മാത്രമായി ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ ആരംഭിച്ചു. ജനുവരി 11 വരെ ജോയ്ആലുക്കാസിന്റെ തിരുവല്ല എസ്.സി.എസ് ജംഗ്ഷൻ ഷോറൂമിലാണ് പ്രത്യേക പ്രദർശനം നടക്കുക. വിവാഹ ആഭരണങ്ങൾ മുതൽ നിത്യോപയോഗ മോഡലുകൾ വരെ, പരമ്പരാഗത തനിമയും ആധുനിക ഡിസൈനുകളും ചേർന്ന അപൂർവമായ ഡയമണ്ട് കളക്ഷനാണ് പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കുന്നത്.

ഒരുലക്ഷം രൂപയ്ക്ക് മുകളിൽ ഡയമണ്ട് ആഭരണങ്ങൾ പർച്ചേസ് ചെയ്യുന്നവർക്ക് സ്വർണ നാണയം സമ്മാനമായി ലഭിക്കും. ഓരോ ആളുകൾക്കും അനുയോജ്യമായ തരത്തിൽ, നൂതന ഫാഷനിലും ഡിസൈനിലുമുള്ള വജ്രാഭരണങ്ങൾ കരസ്ഥമാക്കാനുള്ള അവസരമാണ് ഉപഭോക്താക്കൾക്കായി നൽകുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് പറഞ്ഞു. ജ്വല്ലറി വ്യവസായ രംഗത്തെ ജോയ്ആലുക്കാസിന്റെ ബിസിനസ് യാത്രയിൽ ജില്ലയ്ക്ക് പ്രത്യേക സ്ഥാനമാണുള്ളതെന്നും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ആഭരണങ്ങൾ നൽകുന്നതിന് ജോയ് ആലുക്കാസ് എക്കാലവും പ്രതിബദ്ധത പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കോക്ക് സ്റ്റുഡിയോ ഭാരത് ലൈവ് അരങ്ങേറ്റം ജനുവരിയിൽ

**കൊച്ചി:** കൊക്കകോളയുടെ കോക്ക് സ്റ്റുഡിയോ ഭാരത് ലൈവ് ജനുവരിയിൽ പൊതുജനങ്ങൾക്ക് മുന്നിൽ അരങ്ങേറ്റം കുറിക്കുന്നു. ഡൽഹിയിലും ഗുവാഹത്തിയിലും സംഗീതം, ഭക്ഷണം, സാംസ്കാരിക ആവിഷ്കാരം എന്നിവ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു പുതിയ ഫോർമാറ്റ് കോക്ക് സ്റ്റുഡിയോ ഭാരത് അവതരിപ്പിക്കും. ഡൽഹിയിൽ ശ്രേയ ഘോഷാൽ, ആദിത്യ റിഖാരി, രശ്മീത് കൗർ, ദിവ്യം ആന്റ് ഖാബ് എന്നിവർ വേദിയിലെത്തും. അനുവ് ജെയിൻ, ശങ്കുരാജ് കോൻവർ, റിറ്റോ റിബ, അനൗഷ്ക മാസ്കി എന്നിവർ ഗുവാഹത്തി ഷോയിലും പങ്കെടുക്കും. സംഗീത പ്രേമികൾക്ക് മാത്രമായി സൃഷ്ടിച്ച വലിയ പൊതു പ്രദർശന കേന്ദ്രമായി ഇത് മാറും. ഇന്ത്യയിലെ യുവാക്കൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഗാനമേള കോക്ക് സ്റ്റുഡിയോ ഭാരതിന്റെ ലോകം പ്രേക്ഷകർക്ക് മുന്നിൽ തുറന്നുകൊടുക്കുന്നു.

കോക്ക് സ്റ്റുഡിയോ ഭാരത് ലൈവിലൂടെ, ഇന്ത്യയുടെ സമ്പന്നമായ സംഗീത പൈതൃകത്തെ ആഘോഷിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തുന്ന, ഉയർന്ന സ്വാധീനം ചെലുത്തുന്ന ആരാധക നിമിഷങ്ങൾ സൃഷ്ടിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് കൊക്കകോള ഐ.എൻ.എസ്.ഡബ്ല്യു.എയുടെ ഐ.എം.എക്സ് ലീഡ് ശന്തനു ഗംഗാനേ പറഞ്ഞു. സിഎസ്ബി ലൈവിലൂടെ വിവിധ തലമുറകളിലെ സംസ്കാരത്തെ പരസ്പരം ബന്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. പുതുമയുള്ളതും, ആപേക്ഷികവും, സംഗീതം എവിടെ നിന്ന് വരുന്നു എന്നതുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതുമായ സമകാലിക സഹകരണങ്ങളിലൂടെ ഇന്ത്യയുടെ സംഗീത വേരുകളിലേക്ക് ജെൻ സെഡിനെ വീണ്ടും പരിചയപ്പെടുത്താനും ഈ പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നു.

# മുളയിൽ വിസ്മയമൊരുക്കി ബാംബൂ ഫെസ്റ്റ്

**കൊച്ചി:** മുളയുൽപന്നങ്ങളുടെ വൈവിധ്യം വീണ്ടും വിസ്മയിപ്പിക്കുകയാണ് എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷ്ണൽ സ്റ്റേഡിയം മൈതാനത്തിൽ ആരംഭിച്ച ബാംബൂ ഫെസ്റ്റിൽ. കളിവസ്തുക്കൾ മുതൽ തുടരുന്ന പട്ടിക. ഇലക്ട്രിക് ഉപകരണ ഫിറ്റിംഗുകൾ മുതൽ മുളയരി വിഭവങ്ങൾ വരെ ഫെസ്റ്റിലുണ്ട്. കുട്ട, വട്ടി, പായ് തുടങ്ങി പരമ്പരാഗത രീതിയിൽ നിന്ന് തുടങ്ങി അത്യാധുനിക സംവിധാനങ്ങൾ വരെ എത്തിയിരിക്കുന്നു ഫെസ്റ്റിലെ സാമഗ്രികൾ. മനോഹര പൂക്കളുടെ വസന്തം തന്നെ ബാംബൂ ഫെസ്റ്റിൽ കാണാം. മുളയുടെ ചീന്തുകളിൽ നിറം ചാർത്തി സുന്ദരമാക്കിയ പൂക്കൾ. ഇതിന് ആവശ്യക്കാരേറെ. അതുപോലെ പതിവു പോലെ കളിപ്പാട്ടങ്ങളും കൗതുക വസ്തുക്കളും ഗൃഹോപകരണങ്ങളും ഭക്ഷ്യ വിഭവങ്ങളും. വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന കേരള ബാംബൂ ഫെസ്റ്റിൽ തെലങ്കാന, ആസാം, നാഗാലാൻഡ്, മഹാരാഷ്ട്ര, തമിഴ്നാട്, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളും ഏറെ ആകർഷകമാണ്. ഫിനിഷിംഗിലും നിറസമന്വയ വ്യത്യാസത്തിലും ഉള്ള പ്രത്യേകതകൾ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റും. ഫെസ്റ്റിലെ അന്താരാഷ്ട്ര സാന്നിധ്യമായ ഭൂട്ടാന്റെ സ്റ്റാളും ഏറെ ആകർഷകം. ഇലക്ട്രിക് ഫിറ്റിംഗ് ഉപകരണങ്ങളുടെ ദൃശ്യങ്ങൾ മനോഹരം. പറഞ്ഞറിയിക്കാനാകാത്ത മനോഹാരിത കണ്ടറിഞ്ഞാലേ മനസിലാകൂ. മുളയരിയും ഉൽപന്നങ്ങളും വിഭവങ്ങളും ആഭിജാത്യം. മുളയരി ഉണ്ണിയപ്പം, മുളയരി അവുലോസുണ്ട, മുളയരി കുഴലപ്പം, മുളയരി ബിസ്കറ്റ് എന്നിങ്ങനെ വിഭവങ്ങൾ കൂടാതെ. മുളയരി പായസവും രുചിക്കാം. സംഗീതോപകരണങ്ങൾക്കു മാത്രമായി സ്റ്റാളുമുണ്ട്. പുല്ലാങ്കുഴലിൽ സദാ വ്യത്യസ്ത ഗീതികൾ. ബാഗുകൾ, മുളത്തൈകൾ, പേനകൾ, മതിലിൽ പതിപ്പിക്കുന്ന കൗതുകവസ്തുക്കൾ, വൈവിധ്യമാർന്ന ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിങ്ങനെ പറഞ്ഞു തീരാത്തത്ര ഉൽപന്നങ്ങളാണ് ഫെസ്റ്റിലുള്ളത്. കൂടാതെ ഉൽപന്നങ്ങളുടെ ചരിത്രവും പ്രയാണവും വിവരിക്കുന്ന ലൈവ് ക്ലാസുകളുമുണ്ട്. ഡിസംബർ 31 വരെ രാവിലെ 10.30 മുതൽ രാത്രി 8.30 വരെയും ജനുവരി ഒന്നിനു ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയുമാണ് പ്രദർശന സമയം. പ്രവേശനം സൗജന്യം.





# മുത്തൂറ്റ് എക്സിം ഗോൾഡ് റീസൈക്ലിംഗ് ശാഖ തിരുവല്ലയിൽ

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) മുത്തൂറ്റ് എക്സിം തിരുവല്ലയിൽ പുതിയ മുത്തൂറ്റ് ഗോൾഡ് പോയിന്റ് ശാഖ തുറന്നു. ഇന്ത്യയിലെ 77ാമത് എംജിപി ശാഖയും കേരളത്തിലെ ഏഴാമത്തെ ശാഖയുമാണിത്. തിരുവല്ല ജുമാ മസ്ജിദിന് എതിർവശത്തുള്ള മലയിൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ മുത്തൂറ്റ് ഗോൾഡ് പോയിന്റിലാണ് പുതിയ ശാഖ. വിശ്വാസത്തിനും സുതാര്യതയ്ക്കും എപ്പോഴും മൂല്യം കൽപ്പിക്കുന്ന കേരളത്തിൽ ഞങ്ങളുടെ ഗോൾഡ് പോയിന്റ് ശൃംഖല കൂടുതൽ വികസിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറും മുത്തൂറ്റ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ തോമസ് മുത്തൂറ്റ് പറഞ്ഞു. ഇന്ത്യയിലുടനീളം ഉത്തരവാദിത്തമുള്ള സ്വർണ്ണ പുനരുപയോഗം എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള മറ്റൊരു ചുവടുവയ്പ്പാണ് തിരുവല്ലയിലെ ശാഖയെന്ന് മുത്തൂറ്റ് എക്സിം സിഇഒ കെയൂർ ഷാ അഭിപ്രായപ്പെട്ടു.

# പുതുവത്സര കേക്കുകൾ വിപണിയിലിറക്കി ബ്രിട്ടാനിയ

**കൊച്ചി:** ബ്രിട്ടാനിയ കേക്സ് നവവത്സരത്തോടനുബന്ധിച്ച് മൂന്ന് പുതിയ കേക്ക് വകഭേദങ്ങൾ വിപണിയിലിറക്കി. ഡബിൾ ചോക്കോ ചിപ്പ്, വെജ് പ്ലം കേക്ക്, നട്ട് ആന്റ് റെയ്സിൻ കേക്ക് എന്നീ ഉൽപ്പന്നങ്ങളാണ് പുതുതായി ഇന്ത്യൻ വിപണിയിറക്കിയത്. കശുവണ്ടി, ബദാം, ഉണക്കമുന്തിരി എന്നിവ ചേരുവകളായുള്ള പുതിയ കേക്ക് വകഭേദങ്ങൾ ആഘോഷപരിപാടികൾക്കായി സവിശേഷമായി രൂപകൽപ്പന ചെയ്തതാണെന്ന് കമ്പനി അറിയിച്ചു. പുതിയ ശ്രേണി ഇപ്പോൾ രാജ്യവ്യാപകമായി റീട്ടെയിൽ സ്റ്റോറുകളിലും ഇകൊമേഴ്സിലും ക്യുകൊമേഴ്സിലും ലഭ്യമാണ്.

പുതിയ മൂന്ന് കേക്ക് വകഭേദങ്ങൾക്കൊപ്പം ഫെസ്റ്റീവ് പ്ലം കേക്ക്, പ്ലം ഡിലൈറ്റ് കേക്ക് എന്നിവയുൾപ്പെടെ ഫെസ്റ്റിവൽ പോർട്ട്ഫോളിയോയ്ക്കായി പുതുക്കിയ പാക്കേജിംഗും അവതരിപ്പിക്കുന്ന ക്യാംപെയ്നും ബ്രിട്ടാനിയ ആരംഭിച്ചു. ക്യാംപെയിന്റെ ഭാഗമായി പ്രമുഖ ഇന്ത്യൻ ക്രിയേറ്റീവ് ഏജൻസി ഷബാങ്ങിന്റെ ആശയത്തിലുള്ള ബ്രാൻഡ് ഫിലിമും പുറത്തിറങ്ങി. കൂടുതലായി കേക്കുകളുടെ ഉപഭോഗം നടക്കുന്ന ഉത്സവകാല സീസണിൽ ബ്രിട്ടാനിയ കേക്സിന്റെ വിപണി സാന്നിധ്യം ആവർത്തിച്ചുറപ്പിക്കുന്നതാണ് പുതിയ ഉൽപ്പന്നങ്ങളെന്ന് ബ്രിട്ടാനിയയിലെ കേക്കുകൾ, റസ്കുകൾ, ക്രോയിസന്റ്സ് എന്നിവയുടെ മാർക്കറ്റിംഗ് ജനറൽ മാനേജർ ശേഖർ അഗർവാൾ പറഞ്ഞു.

# ആപ്കി പൂഞ്ചി, ആപ്ക അധികാർ ജില്ലാതല ക്യാമ്പ് 29ന് കണ്ണൂരിൽ

**കൊച്ചി:** അവകാശികളില്ലാത്ത നിക്ഷേപങ്ങൾ തിരിച്ചുനൽകുന്നതിനായി സംഘടിപ്പിക്കുന്ന രാജ്യവ്യാപക പ്രചാരണ പരിപാടി 'ആപ്കി പൂഞ്ചി, ആപ്ക അധികാർ' കാമ്പയിന്റെ ഭാഗമായി ലീഡ് ബാങ്കായ കാനറ ബാങ്കിന്റെ നേതൃത്വത്തിൽ 2025 ഡിസംബർ 29ന് കണ്ണൂർ മലബാർ റെസിഡൻസിയിൽ ജില്ലാതല ക്യാമ്പ് സംഘടിപ്പിക്കും.അവകാശികളില്ലാത്ത നിക്ഷേപങ്ങൾ എങ്ങനെ കണ്ടെത്താമെന്നും അവ എങ്ങനെ കൈപ്പറ്റാമെന്നും വിവരിക്കുന്ന ബോധവൽക്കരണ ക്ലാസുകളും പൊതുജനങ്ങളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് സഹായകേന്ദ്രങ്ങളും അവകാശവാദമുന്നയിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സുഗമമാക്കുന്നതിനുള്ള സൗകര്യങ്ങളും ജില്ലയിലെ വിവിധ ബാങ്കുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്യാമ്പിലുണ്ടാകും. ബാങ്ക് പ്രതിനിധികളുടെ നേതൃത്വത്തിൽ പ്രമാണ പരിശോധനയും മാർഗനിർദേശങ്ങളടങ്ങുന്ന പ്രചാരണ സാമഗ്രികളും ക്യാമ്പിൽ സജ്ജീകരിക്കും.പരമാവധി ഉപഭോക്താക്കളിലേക്കും ഗുണഭോക്താക്കളിലേക്കും എത്തിച്ചേരാനും തീർപ്പാക്കാത്ത അവകാശവാദങ്ങൾ പരിഹരിക്കാനും അവകാശികളില്ലാത്ത നിക്ഷേപങ്ങൾ യഥാർത്ഥ ഉടമകൾക്ക് തിരിച്ചുനൽകാനും ഉപഭോക്തൃ ബന്ധം ശക്തിപ്പെടുത്താനുമാണ് ഈ സംരംഭത്തിലൂടെ ബാങ്കുകൾ ലക്ഷ്യമിടുന്നത്.



# കൊച്ചിൻ കാർണിവൽ: സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കും

**കൊച്ചി:** കൊച്ചിൻ കാർണിവലിനോട് അനുബന്ധിച്ച് സുരക്ഷ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മേയർ വി.കെ മിനിമോളുടെയും ജില്ലാ കളക്ടർ ജി പ്രിയങ്കയുടെയും അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് നിർദേശം നൽകിയത്. ഡിസംബർ 31ന് പരേഡ് ഗ്രൗണ്ടിലും വേളി ബീച്ചിലുമായി നടക്കുന്ന പുതുവത്സരാഘോഷങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ യോഗത്തിൽ വിലയിരുത്തി. ജനത്തിരക്ക് കണക്കിലെടുത്ത് ആവശ്യമായ എല്ലാ സുരക്ഷ ക്രമീകരണങ്ങളും സമയബന്ധിതമായി ഒരുക്കും. ആഘോഷ പരിപാടികളുടെ ഭാഗമായി ക്രമസമാധാന ചുമതലയ്ക്കായി കൂടുതൽ പോലീസുകാരെ വിന്യസിക്കും. പാർക്കിംഗ് സൗകര്യങ്ങൾ, ഗതാഗത നിയന്ത്രണങ്ങൾ, സി.സി.ടി.വി സംവിധാനങ്ങൾ എന്നിവ പോലീസിന്റെ നേതൃത്വത്തിൽ നടപ്പാക്കും. പ്രദേശത്ത് പോലീസ് പട്രോളിംഗ് ശക്തമാക്കും. താൽക്കാലികമായി സ്ഥാപിക്കുന്ന ഭക്ഷ്യ സ്റ്റാളുകളിൽ കോർപ്പറേഷന്റെയും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ പരിശോധനകൾ നടത്തും. മാനദണ്ഡങ്ങൾ പാലിക്കാത്ത സ്റ്റാളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ജലലഭ്യത ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ പ്രത്യേക പ്രവർത്തനങ്ങളും നടക്കും.

തിരക്ക് പരിഗണിച്ച് ജങ്കാർ സർവീസ്, വാട്ടർ മെട്രോ, സി വാട്ടർ ബോട്ട് സർവീസ് തുടങ്ങിയവയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. കെ.എസ്.ആർ.ടി.സി ഏഴ് ബസുകളും സ്പെഷ്യൽ പെർമിറ്റ് ലഭിക്കുന്ന സ്വകാര്യ ബസുകളും അധികമായി സർവീസ് നടത്തും. ആഘോഷങ്ങളിൽ പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ബയോടോയ്‌ലറ്റ് സംവിധാനങ്ങളും ഒരുക്കും.

ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആവശ്യമായ ലൈറ്റിംഗ് സംവിധാനങ്ങൾ പ്രദേശങ്ങളിൽ സ്ഥാപിക്കും. അടിയന്തര സാഹചര്യങ്ങളിൽ സ്കൂബ ടീമിന്റെയും സിവിൽ ഡിഫൻസ് ടീമിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തും. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആംബുലൻസ് സൗകര്യങ്ങളും മെഡിക്കൽ ടീമുകളുടെ സേവനവും ഉറപ്പാക്കും. പുതുവത്സര രാവിൽ കത്തിക്കുന്ന പപ്പാഞ്ഞിയുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് പരിശോധിച്ച് സുരക്ഷ ഉറപ്പാക്കും. ജനറേറ്റർ ഉൾപ്പെടെയുള്ള വൈദ്യുതി സംവിധാനങ്ങൾ പിഡബ്ല്യുഡി ഇലക്ട്രിക്കൽ വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തും. പ്രദേശത്തെ വൈദ്യുതി ലഭ്യത നിലനിർത്തുന്നതിനായി കെ.എസ്.ഇ.ബിക്കും നിർദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പരേഡ് ഗ്രൗണ്ടിലും വെളി ഗ്രൗണ്ടിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോഓർഡിനേഷൻ സെന്ററുകൾ ഒരുക്കും. കളക്ടറുടെ ചേംമ്പറിൽ നടന്ന യോഗത്തിൽ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ദീപക് ജോയ്, സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ഡെപ്യൂട്ടി കമ്മീഷണർ അശ്വതി ജിജി, അസിസ്റ്റന്റ് കമ്മീഷണർ പുട്ടവിമലാദിത്യ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## പുതുവൽസരാഘോഷം: കൊച്ചി വാട്ടർ മെട്രോ സർവ്വീസ് രാത്രി 7 മണി വരെ

**കൊച്ചി:** ഡിസംബർ 31 ന് രാത്രിയുള്ള കൊച്ചി വാട്ടർ മെട്രോ സർവീസ് ഹൈക്കോർട്ട് മട്ടാഞ്ചേരി റൂട്ടിലും ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിലും ഹൈക്കോർട്ട് ഫോർട്ട് കൊച്ചി റൂട്ടിലും രാത്രി 7 മണിക്ക് അവസാനിക്കും. തുടർന്ന് ജനുവരി ഒന്നിന് പുലർച്ചെ 12 മുതൽ നാലുവരെ ഹൈക്കോർട്ട് മട്ടാഞ്ചേരി റൂട്ടിലും ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിലും സർവ്വീസ് ഉണ്ടാകും. മറ്റ് റൂട്ടുകളിലെ സർവ്വീസ് പതിവുപോലെ ഉണ്ടാകും

## കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന കൺവെൻഷൻ 30 ന്

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷന്റെ സംസ്ഥാന കൺവെൻഷൻ ഡിസംബർ 30 ന് എറണാകുളം ടൗൺ ഹാളിൽ നടക്കും. രാവിലെ 11 മണിക്ക് മന്ത്രി എം.ബി. രാജേഷ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. വിവിധ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും. എം.എൽ.എ.മാരായ ടി. ജെ. വിനോദ്, അഹമ്മദ് ദേവർകോവിൽ തുടങ്ങിയവർ സംബന്ധിക്കും. ചടങ്ങിൽ വ്യാപാര ലൈസൻസ് വ്യവസ്ഥകൾ ലഘൂകരിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയേയും, ഈസ് ഓഫ് ഡൂയിംഗ്ബിസിനസിൽ തുടർച്ചയായി രണ്ടാംതവണയും സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തെത്തിച്ച വ്യവസായ വകുപ്പ് മന്ത്രിയേയും ആദരിക്കും. കൺവെൻഷനിൽ സംസ്ഥാനതല വനിതാവിംഗ് രൂപീകരണ പ്രഖ്യാപനവും, പ്രതിനിധി സമ്മേളനവും, സംസ്ഥാനഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കുമെന്ന് പ്രസിഡന്റ് കെ. പി ബാലകൃഷ്ണ പൊതുവാളും ജനറൽ സെക്രട്ടറി ജി. ജയപാലും അറിയിച്ചു.




## ഗ്ലോബൽ എം.ഐ.സി.ഇ കോൺഗ്രസ് സമാപിച്ചു

**കൊച്ചി:** മോസ്കോയിൽ നടന്ന മൂന്നാമത് മീറ്റ് ഗ്ലോബൽ എം.ഐ.സി.ഇ കോൺഗ്രസ് സമാപിച്ചു. ബ്രിക്സ് രാജ്യങ്ങളേയും ഗ്ലോബൽ സൗത്ത് രാജംങ്ങളേയും ഉൾപ്പെടുത്തി 37 രാജ്യങ്ങളിൽ നിന്നുള്ള 2500 ലധികം പ്രതിനിധികൾ പങ്കെടുത്ത പരിപാടി അന്താരാഷ്ട്ര ബിസിനസ് ടൂറിസം രംഗത്തെ ഒരു പ്രധാന വേദിയായി മാറി. മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫ്രൻസുകൾ, എക്സിബിഷനുകൾ എന്നീ മേഖലകളിലെ ആഗോള പ്രവണതകൾ, ബിസിനസ് ഇവന്റുകളുടെ ഫലപ്രാപ്തി, ടെക്നോളജി, അനുഭവ സമ്പദ് വ്യവസ്ഥ തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്തു. ഏറ്റവും വേഗത്തിൽ വളരുന്ന ബിസിനസ് ടൂറിസം വിപണികളിലൊ

ന്നായ ഇന്ത്യയിൽ നിന്നും ഗ്ലോബൽ കോൺഗ്രസിൽ പ്രതിനിധികളായി എത്തിയ 53 ഫോസ്റ്റഡ് ബയേഴ്സിന്റെ സാന്നിധ്യവും അവർ നിരവധി പങ്കാളിത്ത കരാറുകൾ രൂപപ്പെടുത്തിയതും ശ്രദ്ധേയമായി

